# ജി. എച്ച്. എസ്. എസ്
# തരുവണ

# സൂം ഇൻ



Little KITEs

## ഡിജിറ്റൽ മാഗസിൻ
## 2023-24

# താളുകളിലൂടെ...

1. ആശംസകൾ....................................................................................3

2. സ്കൂൾ ചരിത്രം....................................................................................4

3. കറുത്ത മുല്ലപ്പൂവ് (കഥ)....................................................................................7

4. അതിജീവനത്തിന്റെ പുതുമുഖം (കഥ)....................................................................................9

6. കണ്ടു മറന്ന ആ മുഖം(കഥ)....................................................................................12

5. ഏകാന്തതയുടെ ഇരുട്ടിൽ നിന്ന് (കഥ)....................................................................................14

7. എന്റെ ആംബുലൻസ് അനുഭവങ്ങൾ(ഓർമ്മക്കുറിപ്പ് )....................................................................................15

8.സ്റ്റുഡന്റ് പോലീസ് കേഡറ്റ്(ഓർമ്മക്കുറിപ്പ് )....................................................................................18

9.കാവ്യനീതി(കവിത)....................................................................................20

10. ശേഷിപ്പുകൾ(കവിത)....................................................................................21

11. തീക്കുതിര(കവിത)....................................................................................22

12. കുഞ്ഞുങ്ങളോട്(കവിത)....................................................................................23

13.The Use of Internet-Bane or Boon(Essay)....................................................................................24

14.The Day I never Forget(story)....................................................................................26

**15.माँ का प्यार** ....................................................................................28

16.खुशि और दुख का दिल....................................................................................29

17.मानव का दिल....................................................................................30

18. നന്ദി....................................................................................31

# ആശംസകൾ



ആധുനിക കാലത്ത് വിദ്യാർത്ഥികളുടെ സർവതോന്മുഖമായ കഴിവുകൾ പ്രകടിപ്പിക്കാൻ ഏറ്റവും കൂടുതൽ സാധ്യതയുള്ള ഒന്നാണ് ഡിജിറ്റൽ സാങ്കേതികവിദ്യ.ഇന്റർനെറ്റിന്റെ ചതിക്കുഴിയിൽ വീഴാതെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ കുട്ടികളിൽ ആരോഗ്യകരമായ പുതിയ മത്സരതലത്തിലേക്ക് എത്താൻ കഴിയുന്ന തരത്തിൽ ലിറ്റിൽ കൈറ്റ് പോലുള്ള പ്രവർത്തനങ്ങളിൽ കുട്ടികൾ വ്യാപൃതരാവുകയും ഡിജിറ്റൽ മാഗസിൻ എന്ന പുതിയ തലത്തിലേക്ക് എത്താൻ കുട്ടികൾക്ക് കഴിയുകയും ചെയ്യുന്നു.ഡിജിറ്റൽ മാഗസിൻ എന്ന ഈ സംവിധാനത്തിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു.

കെ.എം. മുഹമ്മദ്
ഹെഡ്മാസ്റ്റർ

# ഗവ ഹയർസെക്കണ്ടറി സ്ക്കൂൾ
# തരുവണ



സ്ഥാപിതം
2004

സ്ക്കൂൾ കോഡ്
15069

വിദ്യാഭ്യാസ ജില്ല
വയനാട്

ഉപജില്ല
മാനന്തവാടി

വയനാട് ജില്ലയിലെ വെള്ളമുണ്ട പഞ്ചായത്തിലെ ഒരു കൊച്ചു ടൗണാണ് തരുവണ.കോഴിക്കോട്ടുനിന്ന് കുറ്റ്യാടി വഴിയും പടിഞ്ഞാറത്തറ വഴിയും ഈ കൊച്ചു ടൗണിലെത്താം. ഇവിടെ നിന്നും മാനന്തവാടിടൗണിലേയ്ക്ക് വെറും പത്തു കിലോമീറ്റർ ദൂരം മാത്രമേയുള്ളു. വളരെ പുരാതനമായ ചരിത്രമുണ്ട് ഈ കൊച്ചു ടൗണിന്. പുരാതനകാലത്ത് മാനന്തവാടിയിൽ നിന്നും വൈത്തിരിയിലേയ്ക്കുണ്ടായിരുന്ന കുതിരപ്പാണ്ടി റോഡിലൂടെ പോയിരുന്ന വണ്ടികളിൽ നിന്ന് ചുങ്കം ഈടാക്കിയിരുന്ന സ്ഥലമാണിത് . തരു, അണ എന്നീ രണ്ടു വാക്കുകൾ യോജിച്ചാണ് തരുവണ എന്ന പേരുണ്ടായത്. അന്നറിയപ്പെട്ടിരുന്നത് തരുവണചുങ്കം എന്നായിരുന്നു.

അന്ന് പ്രചാരത്തിലുണ്ടായിരുന്ന നാണയമാണ് അണ. ഏകദേശം ആറേകാൽ പൈസ. വലിയ വണ്ടികൾക്ക് നാലണയും (ഇപ്പോഴത്തെ 25 പൈസ) ചെറിയവയ്ക്ക് രണ്ടണയുമാണ് ചുമത്തിയിരുന്നതെന്ന് പഴമക്കാർ പറയുന്നു.

തരുവണയിൽ അക്കാലത്ത് നടക്കൽ കോരൻകുന്നൻ മൊയ്തുഹാജിയുടെ വീട്ടിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഏകാദ്ധ്യാപക വിദ്യാലയം മാത്രമായിരുന്നു വിദ്യ നേടുന്നതിനുള്ള നാട്ടുകാരുടെ ഏക ആശ്രയം.പിന്നീട് അവർ നല്കിയ പത്തു സെന്റ് സ്ഥലത്തായിരുന്നു തരുവണ ഗവ.എൽ.പി. പ്രവർത്തിച്ചിരുന്നത്. തരുവണയിലെ അന്നത്തെ നവോത്ഥാനനായകരിൽ ഒരാളായിരുന്ന ശ്രീ.

സി.എച്ച് മൊയ്തു സാഹിബ് അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന സി.എച്ച് മുഹമ്മത് കോയയിൽ സ്വാധീനം ചെലുത്തിയാണ് ആവശ്യത്തിന് സ്ഥലമില്ലാതിരുന്നിട്ടും എൽ. പി. സ്കൂളിനെ യു.പി ആക്കി ഉയർത്തിയത്.
അഡ്വ.:കെ.കെ.കുഞ്ഞബ്ദുള്ളഹാജി യു.പി.സ്കൂളിനായി പത്ത് സെന്റ് സ്ഥലം കൂടി സൗജന്യമായി നല്കി.

2005 ൽ സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന പ്രവാസികളായസർവ്വശ്രീ..ടി.സൂപ്പി,എ.കെ.ജമാൽ ,പി. അബ്ദുള്ള,സി.എച്ച്.മൊയ്തു,വൈശ്യൻ മജീദ്,തുടങ്ങിയവർ മുൻകയ്യെടുത്ത് തരുവണ സോഷ്യൽ വെൽഫെയർ കമ്മിറ്റി രൂപീകരിച്ചു.തരുവണയിൽ ഒരു ഉന്നതകലാലയം ഉണ്ടാവണമെന്ന ഉദ്ദേശ്യത്തോടെ വരിസംഖ്യയായി 2 ലക്ഷം രൂപ സ്വരൂപിച്ചു.അവർ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് തരുവണയിലെ പൗരപ്രമുഖരായ പി.മൊയ്തുട്ടി , സി.എച്ച്. അബ്ദുള്ള,യു.അമ്മത് ഹാജി,,പി.സൂപ്പി,കെ.സി. അലി, പി.സി.ഇബ്രാഹിം ,പി.മുഹമ്മദ്, കമ്പ അബ്ദുള്ള എന്നിവരെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങുന്നതിനായി സമീപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിളിച്ച ചേർത്ത പൊതുയോഗം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ അല്ല നൂറുവർഷം പിന്നിട്ട തരുവണ ഗവ.യു.പി സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്തലാണ് പ്രധാനമെന്നു തീരുമാനിച്ചു.ഇതിനായി പി.മൊയ്തുട്ടിചെയർമാനും കെ.സി. അലി കൺവീനറുമായി തരുവണ സോഷ്യൽ വെൽഫെയർ കമ്മറ്റി രൂപീകരിച്ചു. തരുവണയിൽ വെറും പതിനെട്ടു സെൻറ് സ്ഥലത്തു പ്രവർത്തിച്ചിരുന്ന തരുവണ ജി.യു.പി യെ അപ്ഗ്രേഡ് ചെയ്യുകയെന്നത് അത്രയെളുപ്പമായിരുന്നില്ല.തുടർന്ന് സ്ഥലമെടുപ്പ് ഒരു വെല്ലുവിളിയായി തരുവണയിലെ ജനങ്ങൾ ഏറ്റെടുത്തു.ഓരോ വീട്ടുകാരും നിശ്ചിത വരിസംഖ്യ നല്കി പത്തുലക്ഷം രൂപ സമാഹരിച്ച് മൂന്നരയേക്ര സ്ഥലം കുറഞ്ഞ വിലയ്ക്കു വാങ്ങി സർക്കാരിന് നല്കി. സ്ഥലമുടമകളായ പള്ളിയാൽ മൊയ്തുട്ടി, പള്ളിയാൽ ഇബ്രാഹിം, പള്ളിയാൽ നിസാർ, എന്നിവരെ പ്രത്യേകം സ്മരിക്കേണ്ടതാണ് .വ്യാപാരി വ്യവസായി ഏകോപനസമിതി തരുവണയൂണിറ്റ് രണ്ടുലക്ഷം രൂപ നല്കി ഈ സദുദ്യമത്തിന് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. സർക്കാരിന്റെ നയം പുതിയ ഹൈസ്കൂളുകൾ അനുവദിക്കുന്നതിന് തടസ്സമായപ്പോൾ കുട്ടികളുടെ ബാഹുല്യം കൊണ്ടും സ്ഥലപരിമിതികൾ കൊണ്ടും പൊറുതിമുട്ടിയ വെള്ളമുണ്ട G.M.H.S.S ന്റെ ഘടനയ്ക്കുമാറ്റം വരുത്താതെ ഒരു ബ്രാഞ്ച് ഗവ.ഉത്തരവ് 5164/2003 dtd 15-12 -2003 പ്രകാരം അനുവദിച്ചപ്പോൾ തരുവണയിലെ നാട്ടുകാരുടെ ഹൈസ്കൂൾ എന്ന സ്വപ്നം ഭാഗികമായി യാഥാർത്ഥ്യമാവുകയായിരുന്നു. ഈ ഉത്തരവു പ്രകാരം 2004 ജൂൺ 4-ന് അന്നത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ നാലകത്ത് സൂപ്പി അവർകൾ ബ്രാഞ്ച് ഹൈസ്കൂൾ നാടിന് സമർപ്പിച്ചു.

സ്കൂൾ യാഥാർത്ഥ്യമാവുന്നതിൽ അന്നത്തെ എം.എൽ. എ മാരായ ശ്രീമതി. രാധാരാഘവൻ, ശ്രീ. സി .മമ്മൂട്ടി എന്നിവരുടെ ശക്തമായ ഇടപെടലുകളുണ്ടായിരുന്നു.സ്വതന്ത്ര സ്കൂൾ എന്ന സ്വപ്നം ഭാഗികമായി മാത്രമാണ് യാഥാർത്ഥ്യമായതെങ്കിലും തരുവണക്കാരെ സംബന്ധിച്ചിടത്തോളം ഇത് സ്വതന്ത്രസ്ഥാപനം തന്നെയായിരുന്നു.കുട്ടികളെ ഇവിടെതന്നെ ചേർക്കാനും പരീക്ഷ എഴുതിക്കാനും സാധിച്ചിരുന്നു. എന്നാൽ സാങ്കേതികമായി സ്വതന്ത്രസ്കൂൾ അല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ ഏഴു വർക്കാലത്തോളം അദ്ധ്യാപകർക്കും നാട്ടുകാർക്കും സഹിക്കേണ്ടിവന്നു. സർക്കാർ ഫണ്ടുകൾ ലഭിക്കുന്നതിന് ഈ സാങ്കേതികത തടസ്സമായി. എന്നാൽ തരുവണ ഗവ.യു.പി സ്കൂളിന് ത്രിതല പഞ്ചായത്തുകളുടെ കയ്യിൽ നിന്നുംSSA തുടങ്ങിയ സർക്കാർ ഏജൻസികളിൽ നിന്നും ഫണ്ടുകൾ സ്വരൂപിച്ച് ഉണ്ടാക്കിയ കെട്ടിടങ്ങൾഹൈസ്കൂളിനുവേണ്ടി ഉപയോഗിച്ചുകൊണ്ടാണ് നാട്ടുകാർ ഈ വിഷമാവസ്ഥ തരണം ചെയ്തത്.ഇതിനു നേതൃത്വ പരമായ പങ്കു വഹിച്ച അന്നത്തെ വാർഡുമെമ്പർ ശ്രീ . പി.സി ഇബ്രാഹിമിനെയും, ശ്രീ.കെസി.അലിയെയും പ്രത്യേകം ഓർക്കുന്നവരാണിവിടുള്ളവർ. ആദ്യവർഷം വെള്ളമുണ്ട G.M.H.S.S ൽ നിന്നും 8,9,10,ക്ലാസ്സുകളിലെ 420 വിദ്യാർത്ഥികൾ 9 ഡിവിഷനുകളിലായി പഠനമാരംഭിച്ചു. ജനങ്ങളുടെയും ത്രിതല പഞ്ചായത്തുകളുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തന ഫലമായി 20 ക്ലാസ്സുമുറികളുള്ള കെട്ടിടങ്ങൾ പണിതീർത്തു.ഭാഗികമായെങ്കിലും ഗ്രൗണ്ട് നിർമ്മിച്ചു.സ്കൂളിലേയ്ക്ക് രണ്ടു റോഡ് നിർമ്മിച്ചതും നാട്ടുകാരുടെ പ്രവർത്തന ഫലമായാണ്. ഇതിന് സൗജന്യമായി സ്ഥലം വിട്ടു നല്കിയത് ചാലിയാടൻ മമ്മൂട്ടി,ചാലിയാടൻ ഇബ്രാഹിം, ചാലിയാടൻ അബ്ദുള്ള, പള്ളിയാൽ നിസാർ എന്നിവരേയും പ്രത്യേകം സ്മരിക്കേണ്ടതാണ്.ആദ്യവരഷം വെള്ളമുണ്ട G.M.H.S.S ൽ തന്നെ S.S.L.C. പരീക്ഷയെഴുതിയ ബ്രാഞ്ച് ഹൈസ്കൂളിലെ കുട്ടികൾക്ക് 2006ലെ S.S.L.C പരീക്ഷ മുതൽ സ്വന്തമായി പരീക്ഷാസെന്റർ അന്നത്തെ ഗവ. GO(RT)339/2006 Gen Edn dtd 20-1 -2006 നമ്പർ ഉത്തരവു പ്രകാരം അനുവദിച്ചു. ഈ കാര്യങ്ങളൊക്കെ നേടുന്നതിൽ ഭരണപരമായും മറ്റുമുള്ള എല്ലാ സഹായങ്ങളും നല്കിയത് തരുവണ ഗവ.യു.പി ,വെള്ളമുണ്ട ഗവ.ഹൈസ്കൂൾ എന്നിവിടങ്ങളിലെ പൂർവ്വവിദ്യാർത്ഥിയും അന്നത്തെ കൊടുവള്ളി എം.എൽ. എയുമായ ശ്രീ സി .മമ്മൂട്ടി അവർകളുടെ നിരന്തര ശ്രമം കൊണ്ടു മാത്രമാണ്. ഇങ്ങിനെ നാട്ടുകാരുടെയും അദ്ധ്യാപകരുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമായി ആദ്യവർഷമുണ്ടായിരുന്ന 66% S.S.L.C. റിസൽട്ട് ഇക്കഴിഞ്ഞ വർഷം 94.4% ആയി ഉയർത്താൻ കഴിഞ്ഞു. യാതൊരുവിധ ഗ്രേസ് മാർക്കുമില്ലാതെ മുഴുവൻ A+ കഴിഞ്ഞ രണ്ടു വർഷവും നേടാനായി. കഴിഞ്ഞ ഏഴു വർഷമായി ഈ സ്കൂളിനെ സ്വതന്ത്ര സ്കൂളാക്കി ഉയർത്തുന്നതിന് മുൻ എം.എൽ.എ. കെ.സി.കുഞ്ഞിരാമൻ, എൽ.ഡി.എഫ്, യു.ഡി.എഫ്, ഭേദമെന്യേ നിവേദനങ്ങളും ധർണ്ണകളും മറ്റു സമര

പരിപാടികളും നടത്തി. മുൻ PTA പ്രസിഡണ്ടുമാരായ ടി.സുരേഷ്, പി.സി.ഇബ്രാഹിം എന്നിവർ ഹൈക്കോടതിയെ സമീപിക്കുകയും അനുകൂലമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം കൊടുക്കുകയും ചെയ്തു . ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ Go No: 04/2011/Gen.Edn dtd 11-1-2011 പ്രകാരം അന്നത്തെ സർക്കാർ തരുവണ ബ്രാഞ്ച് ഹൈസ്കൂളിനെ സ്വതന്ത്ര സ്കൂളായി പ്രഖ്യാപിച്ചു. ഇതിന്റെ ഔദ്യോഗികമായ പ്രഖ്യാപനം 2011 ഫെബ്രു.22 ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം.എ ബേബി അവർകൾ ഉത്സവഛായ കലർന്ന അന്തരീക്ഷത്തിൽ നിർവ്വഹിച്ചു . നാട്ടുകാർക്ക് അത് ഒരുത്സവമായി.

2011 മെയ് ഒമ്പതു മുതൽ ഈ സ്കൂളിലെ സീനിയർ അസിസ്റ്റന്റായ എം. മമ്മു മാസ്റ്റർക്ക് ഹെഡ്മാസ്റ്ററുടെ താത്കാലികചുമതല നല്കി. 2011 ജൂൺ ഒന്നിന് ഇവിടേയ്ക്ക്ആവശ്യമായ മുഴുവൻ അദ്ധ്യാപക അനദ്ധ്യാപകരേയും നിയമിച്ചുകൊണ്ടുത്തരവായി.2011 ജൂൺ 16ന് ശ്രീമതി.സോഫിയാഫ്രാൻസിസ് ഹെഡ്മിസ്ട്രസ്സായി ചുമതലയേറ്റു

# കറുത്ത മുല്ലപ്പൂവ്



കഥ

ഫാക്ടറിയിൽ നിന്ന് ഉയർന്ന സൈറൺ അവനെ ഉണർത്തി.അമ്മയ്ക്ക് പകരം ഈ ശബ്ദമാണ് ഇപ്പോൾ എന്നും രാവിലെ വിളിച്ചുണർത്താറ്. അമ്മയ്ക്ക് പകരമാവുമോ? പകരമാവാം പക്ഷെ, അമ്മയാവില്ലെന്ന് സ്വയം തിരുത്തിക്കൊണ്ട് മുറിയാകെയൊന്ന് നോക്കി. തലേന്ന് രാത്രി കുടിച്ച കഞ്ഞിപ്പാത്രത്തിലെ ഇത്തിരി വെള്ളത്തിൽ പ്രാണികൾ മുങ്ങിമരിച്ചിരിക്കുന്നു. മുറിയുടെ കോണിലെ കുഞ്ഞു പലകയുടെ മേലെ കൊച്ചനിയത്തി പെറുക്കിക്കൂട്ടി വച്ചിരുന്ന ഉരുണ്ട വെള്ളാരം കല്ലുകൾ ഇനിയൊരിക്കലും തിരിച്ചു കിട്ടാത്ത തലോടലുകളുടെ സ്മരണകൾ അയവിറക്കിക്കൊണ്ട് നിശ്ചലരായിരുന്നു. അതിനടുത്തായി സ്വത്വം വെളിപ്പെടാത്ത വിധം ഉണങ്ങിക്കരിഞ്ഞ ഒരുപിടി മുല്ലപ്പൂക്കൾ സുഗന്ധം വറ്റാതെ മരിച്ചുകിടന്നിരുന്നു.

ഇന്നും ടൂറിസ്റ്റുകൾ പ്രഭാത സവാരിക്കിറങ്ങിയിട്ടുണ്ട്. പുറത്തെ നടപ്പാതയിലൂടെയുള്ള ബൂട്ടുകളുടെ ശബ്ദവും പൊട്ടിച്ചിരികളും കേട്ടപ്പോൾ അവൻ വാതിലിന് പുറകിൽ വലിച്ചു കെട്ടിയിരുന്ന പ്രഭാതസൂര്യന്റെ വെളിച്ചത്തിൽ അപകർഷതയോടെ നിലകൊണ്ട അമ്മയുടെ പഴയ 'പുതിയ' സാരി വലിച്ചു നീക്കി പുറത്തേക്കിറങ്ങി. തേയില കുന്നുകൾക്കിടയിലൂടെ നീളുന്ന പാതയിലൂടെ കുന്നുകയറി പോകുന്ന വെളുത്ത,തടിച്ച്,ചെറിയ പൂച്ചക്കണ്ണുകളുള്ള മനുഷ്യർക്ക് പിറകെ അവനും നടന്നു. ചുറ്റുപാടും ഉണർത്തികൊണ്ടുള്ള അവരുടെ നടത്തവും ബഹളങ്ങളും നോക്കിനടക്കുമ്പോൾ കുന്നിൻ മുകളിൽ നിന്നും സർവ്വതിനേയും ഇടിച്ച് തെറിപ്പിച്ച് കുതിച്ചെത്തുന്ന ഉരുളൻ പാറക്കൂട്ടങ്ങൾ മുകളിലേക്ക് ഉരുണ്ട് കയറുന്നതായി അവൻ സങ്കൽപ്പിച്ചു. ഇളം നീല ഫ്രോക്ക് ധരിച്ച പെൺകുട്ടി തിരിഞ്ഞ് നോക്കി അവൻ നേരെ പുഞ്ചിരിച്ചു. അവളുടെ ചെമ്പൻ തലമുടി കണ്ടപ്പോൾ തന്റെ അനിയത്തിയുടെ എണ്ണമയമില്ലാത്ത പാറിപ്പറന്ന മുടിയും കൗതുകം വിടർന്ന കണ്ണുകളും അവനോർമ്മ വന്നു. ഒരിക്കൽ കൂടി അവളുടെ കൈ പിടിച്ച് കുന്നുകയറാനും തേയിലച്ചെടിയിൽ നിന്നൊരില പൊട്ടിച്ച് ഉള്ളംകൈയ്യിൽ ഞരടി മൂക്കിനോടടുപ്പിക്കുമ്പോൾ കണ്ണടച്ച് ആ നേർത്ത ഗന്ധം ഉള്ളിലേക്കാവാഹിക്കുന്ന അവളുടെ കുഞ്ഞുമുഖം കാണാനുമവൻ മോഹിച്ചു.

അവസാനമായി പാറക്കെട്ടിന്റെ ആഴത്തിൽ നിന്നും അവളുടെ ആത്മാവ് പിരിഞ്ഞ ശരീരം പുറത്തെടുത്തപ്പോഴും പിരിയാൻ വയ്യാതെ അവളുടെ മുറുക്കിയടച്ചിരുന്ന കുഞ്ഞിക്കയിൽ അവനുവേണ്ടി പറിച്ചെടുത്ത മുല്ലപ്പൂക്കൾ ഭദ്രമായിരുന്നു. പക്ഷേ, അത് കറുത്തിരുണ്ടിരുന്നു. അവന്റെ ഹൃദയത്തിന്റെ വക്കുകളിലെ പോലെ അതിന്റെ ഇതളിൻ തുമ്പുകളിലും രക്തം പൊടിഞ്ഞിരുന്നു. ഓർമ്മകളുടെ ഭാരിച്ച വിഴപ്പ് കെട്ട് പേറിക്കൊണ്ട് അവൻ കാലുകൾ വലിച്ചുനടന്നു.

അറിയാത്ത ഭാഷ പറഞ്ഞുകൊണ്ട് എത്തുന്ന ഈ മനുഷ്യരുടെ കൂടെ അവരിലൊരാളായി, എന്നാൽ അങ്ങനെയല്ലാതെ നടക്കുന്നതിൽ അവൻ രസം കണ്ടെത്തിയിരുന്നു. അവർ കൗതുകത്തോടെ നീട്ടുന്ന ബിസ്കറ്റുകളും മറ്റും ഒരു കുട്ടിക്കുരങ്ങനെ പോലെ വാങ്ങിക്കഴിച്ചിരുന്നു. ഇടയ്ക്കിടെ തൻറെ കൈവെള്ളയിലെ രേഖകൾ പോലെ മനപാഠമായ ഊടുവഴികളിലൂടെ അവരെ

നയിക്കുമ്പോൾ അവന്റെയുള്ളിൽ തെല്ലൊരഭിമാനം നിറഞ്ഞു. അവരിൽ നിന്നുയരുന്ന ആഹ്ലാദശബ്ദങ്ങൾ അവനെ സന്തോഷിപ്പിച്ചു. അതിഥികൾ സംതൃപ്തരാവുമ്പോൾ ആതിഥേയനിലെന്നപോലെ.



വൗ...വണ്ടർഫുൾ ! പാറക്കെട്ടുകൾക്കിടയിലൂടെ കുതിച്ചൊഴുകുന്ന വെള്ളക്കെട്ടിന്റെ മനോഹാരിത ഒരാൾ ക്യാമറയിൽ പകർത്തുകയാണ്. മറ്റുള്ളവർ കണ്ണുകളിലും. ഒരിക്കലും ഡിലീറ്റ് ചെയ്യപ്പെടാത്ത വിധത്തിൽ തന്റെ ഹൃദയത്തിൽ വിവിധ ഫ്രെയിമുകളിലായി തെളിയുന്ന വെള്ളച്ചാട്ടത്തിന്റെ നരച്ച മുടിയിഴകളിലൂടെ വിരലോടിച്ചു കൊണ്ടവൻ എതിർവശത്തേക്ക് നോക്കി. കരിങ്കൽക്കെട്ടിനു മേലെ സൗരഭ്യം പൊളിച്ചുകൊണ്ട് പൂത്തുനിൽക്കുന്ന കാട്ടുമുല്ലപ്പൂക്കൾക്കടുത്തായി ആ പെൺകുട്ടി. മുല്ലപ്പൂ പറിക്കാനായി ഏന്തി വലിഞ്ഞു കൈനീട്ടിയപ്പോൾ അവളുടെ ചെമ്പൻ മുടി കാറ്റിലിളകി...ഒരു നിമിഷം...മനോഹരമായിരുന്ന ആ പൂക്കൾ കറുത്തിരുണ്ടു.അതിന്റെ ഇതൾവക്കുകളിൽ നിന്നു മടർന്ന രക്തത്തുള്ളികൾ ഭൂമിയെ കറുപ്പിച്ചു.

അവൻ പെട്ടെന്നോടിച്ചെന്ന് അവളുടെ കയ്യിൽ മുറുകെപ്പിടിച്ചു. കൗതുകത്തോടെയവൾ മുഖമുയർത്തവേ അവന്റെ കണ്ണിൽ നിന്നൊരു വെള്ളാരം കല്ല് കവിളിലൂടെ ഉരുണ്ട് ചെന്ന് പാറക്കെട്ടുകളുടെ അഗാധതയിൽ പതിച്ചു പൊട്ടിച്ചിതറി.



ഹാദിയ സുൽത്താന
XA

# അതിജീവനത്തിന്റെ പുതുമുഖം

## കഥ

**ആ** ഇരുൾ വീണ നിരത്തിലേക്കിറങ്ങിയപ്പോൾ കാലങ്ങളായി അവളുടെ ഉള്ളിൽ മൂടിക്കിടന്നിരുന്ന അഗ്നി പുറത്തേക്ക് വരുന്നത് അവളറിയുന്നുണ്ടായിരുന്നു. എടാ അതാ 'കുഴിവെട്ടി മേരി'...ഓടിക്കോ, കുട്ടികൾ ഓടി മറയുന്നത് അവൾ ഒരു ചെറുചിരിയോടെ നോക്കി വെളുത്ത ചട്ടയും മുണ്ടും ധരിച്ച്, കയ്യിൽ തൂമ്പയുമായി വരുന്ന ആ വെളുത്ത രൂപം കുട്ടുകളിൽ ഒരു പേടി സൃഷ്ടിച്ചു എന്നത് അവൾ പുച്ഛത്തോടെ ഓർത്തു. ജീവിതം തനിക്ക് സമ്മാനിച്ച ദുരന്തങ്ങൾ ഒന്നും ഇത്രത്തോളം എത്തില്ലല്ലോ എന്നവൾ മന്ത്രിച്ചു.

ചെളി പുരണ്ട കാലും കഴുകി അവൾ പാലക്കലെ കുടിലിലേക്ക് പ്രവേശിച്ചു ഉമ്മറത്ത് കിടന്നു.അത് ചെറ്റക്കുടിലായിരുന്നു. അവളുടെ ചിന്ത പഴയകാലത്തേക്ക് മടങ്ങി. പാലക്കൽ തറവാട്ടിലെ ഒരേയൊരു പെൺതരിയായിരുന്നു മേരി. മാത്തച്ഛന്റെയും മറിയാമ്മയുടെയും ഏക മകൾ. പണവും അഭിജാത്യവും ആവോളമുണ്ടെങ്കിലും ആ വലിയ വീട്ടിൽ അവൾ ഏകാന്തത അനുഭവിച്ചു. സ്നേഹം, ലാളന അത് എന്താണെന്ന് പോലുമറിയാതെ വളർന്ന ആ പെൺകിടാവിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു സാം ഡേവിസ്. അന്ന് ആ മധുര പതിനേഴുകാരിയുടെ മനസിൽ സാം ഇടപിടിച്ചിരു' അവന്റെ സ്നേഹവും കരുതലും അവളിലും പ്രണയം സൃഷ്ടിച്ചു. ആ വീട്ടിലെ തടങ്കലിൽ കഴിഞ്ഞിരുന്ന അവളിൽ ആദ്യ പ്രണയത്തിന്റെ മാറ്റൊലികൾ



തീർത്തു. അവളറിയാതെ അവൾ അവന്റേതു മാത്രമായ ഒരു ലോകത്തേക്ക് അവൾ ചേക്കേറി.അവരുടെ പ്രണയം അവൾ പരസ്പരം കൈമാറി. അവന്റെ സാമീപ്യം അവൾക്ക് ആശ്വാസവും സ്വാതന്ത്ര്യവും നൽകുന്നതുപോലെ അവൾക്ക് തോന്നി. ആദ്യമാദ്യം ഒരു നോട്ടത്തിലും ഭാവത്തിലും മാത്രം ഒതുക്കിയ പ്രണയം വയൽ വരമ്പിലൂടെയും ബീച്ചിലൂടെയും അവർ കൈമാറി. അവളിലെ ഈ മാറ്റം മാത്തച്ചൻ ശ്രമിച്ചുതുടങ്ങി .

ഒരുനാൾ ഇറയത്ത് പുസ്തകം പിടിച്ചിരിക്കുകയായിരുന്ന മേരിയെ കലിതുള്ളി കയറിവന്ന മാത്തച്ചൻ ചൂരൽകൊണ്ട് പൊതിരെ തല്ലി "എന്നാ കുറവാടി അസത്തെ ,നിനക്കുണ്ടാക്കിയേ അവൾ വല്ലവന്റെയും സ്നേഹം വാങ്ങാൻ പോയേക്കുന്നു ഇനി നീ എങ്ങാനും ഈ പടി കടന്നാൽ കർത്താവാണേ നിന്നെ ഞാൻ കുഴിച്ചെട്ടി മൂടും " . പതിയെ പതിയെ അവളുടെ കാഴ്ച മങ്ങാൻതുടങ്ങി .അവൾ ബോധരഹിതയായി .

പിന്നെ കണ്ണ് തുറന്നപ്പോൾ കണ്ട അച്ഛന്റെ പേടിപ്പിക്കുന്ന മുഖവും ആശുപത്രിയുടെ അന്തരീക്ഷവും അവളെ പരിഭ്രാന്തയാക്കി.അപ്പോൾ ഒരു മങ്ങിയ ശബ്ദത്തിൽ ഡോക്ടറുടെ ശബ്ദം അവൾ കേട്ട് " ഷി ഇസ് പ്രെഗ്നന്റ് " തലയിൽ ഒരു ഇടിത്തീ വന്നു പതിച്ചത് പോലെ അവൾക് തോന്നി .ആ നിമിഷം ഈ ഭൂമി പിളർന്ന് താഴേക്ക് പോയിരുന്നെങ്കിൽ എന്ന് അവൾ ആഗ്രഹിച്ചു പിന്നെയുള്ള പാലയ്ക്കളെ അന്തരീക്ഷം അവളെ ഭ്രാന്ത് പിടിപ്പിക്കുന്നത് പോലെ അവൾക്ക് തോന്നി

ഘടികാരത്തിലെ ഓരോ മണിയടിക്കുമ്പോഴും അവളുടെ ഹൃദയമിടിപ്പ് വർധിച്ചു വന്നു. എങ്ങനെയെങ്കിലും സാമിനെയും കൂട്ടി മറ്റൊരു ലോകത്തേക് പോകാൻ

അവൾ ആഗ്രഹിച്ചു . അവൾ തന്റെ ഉദരത്തിൽ ഒരു കുഞ്ഞും കയ്യിൽ ഒരു കെട്ടുമായി അവൾ അതിരാവിലെ പാലയ്ക്കൽ പാടി ഇറങ്ങി .അവൾ നേരെ സാമിന്റെ വീട്ടിലേക് നടന്നു .പുറത്തെ ചാരുകസേരയിൽ ഉണ്ടായിരുന്ന ഡേവിസ് മാപ്പ്ല മുഖം കറപ്പിച്ചു ചോദിച്ചു.

എന്നതാ,ഇവിടെയൊന്നുമില്ല .പിച്ചകാരൊക്കെ യങ്ങ് പുറത്ത്..

അവൾ അദ്ദേഹത്തെ വകവെക്കാതെ സാമിനെ വിളിച്ചു .പുറത്തു വന്ന സാം മേരിയെ കണ്ട് അന്താളിച്ചു .അവൻ ചോദിച്ചു :മേരി,നീ ഇതെന്ത് ഭാവിച്ചാണ്,നീയെന്തിനാണ് ഇങ്ങോട്ട് .....അവനത് മുഴുകിപ്പിക്കുന്നതിന് മുൻപ് അവൾ അവനെ ചെന്ന് പുണർന്നു.ഒരു മാത്രയിൽ അവൻ അവളെ തള്ളി മാറ്റി ഡേവിഡ് മാപ്പ്ല ഗർജ്ജിച്ചു അവൾ പറഞ്ഞു :ഞാൻ ഗർഭിണിയാണ് സാം പറഞ്ഞു :നീയെന്ത് മണ്ടത്തരം ആണ് പറയുന്നത് പെട്ടന്ന് അവളുടെ മുഖത്തു ഒരു അടി വീണു .അത് അവന്റെ അച്ഛന്റെ കറുത്ത ശക്തിയേറിയ  കരങ്ങളായിരുന്നു .അയാൾ ആ വീടിന്റെ വലിയ കതക് കാതടപ്പിക്കുന്ന ശബ്ദത്തോടെ വലിച്ചടച്ചു .അവളുടെ മുന്നിൽ ഒരു വഴിയും ഇല്ലാതെയായി.അവൾ എങ്ങോട്ട് പോകണം എന്നറിയാതെ അവിടെ അൽപ നേരം നിശ്ചലമായി നിന്നു.

ഒറ്റക്ക് ആ വഴിയിലൂടെ അവൾ ഒരു നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് പോയി. ആ പോക്ക് ചെന്ന് നിർത്തിയത് പള്ളിയുടെ മുന്നിൽ ആയിരുന്നു അവൾ മനസ് തുറന്ന് കുമ്പസാരിച്ചു അവസാനം അവൾ അച്ചനോട് പറഞ്ഞു. എനിക്ക് എന്റെ കുഞ്ഞിനെ വളർത്തണം തോൽക്കാൻ  ഞാൻ തയ്യാർ അല്ല. അങ്ങനെയാൻ അച്ഛൻ അവളെ തന്റെ നാടായ കാഞ്ഞങ്ങാട് കൊണ്ട് പോയത് . വയറ്റിൽ ഒരു കുഞ്ഞിനെ പേറി നടന്ന ഒരു ചെറുപ്പക്കാരിക്ക് അഭയം നൽകാനോ ഒരു ജോലി നൽകാനോ ആരും തയ്യാറായില്ല.

അങ്ങനെയാണ്  അവളുടെ മുമ്പിൽ ഒരു ദൈവ ദൂതൻ പോലെ മാർക്കോസ് ചേട്ടൻ മുന്നിൽ വന്നത് . പക്ഷെ അദ്ദേഹം അവരെ കൊണ്ട് പോയത് സെമിത്തേരിയിലേക്ക് ആയിരുന്നു .

ആരുമാരും ഇല്ലാത്ത വയസായ മാർക്കോസ് ചേട്ടൻ അവളെ ഒരു മകളെ പോലെ കണ്ടു. അങ്ങനെ അവൾ ഒരു മാലാഖക്കുഞ്ഞിന് ജന്മം നൽകി . അവൾക് പേര് നൽകി "അന്നാ മേരി". വയസായ മാർക്കോസ് ജോലി ഉപേക്ഷിക്കേണ്ടി വന്നു. അവൾ തന്റെ മകളെയും തന്നെ ഒരു മകളെ പോലെ കണ്ട മാർക്കോസ് ചേട്ടനെയും നോക്കാൻ വേണ്ടി ആ ജോലി ഏറ്റെടുത്തു. അങ്ങനെ പാലയ്ക്കലെ ഏക പെൺ  തരി കുഴിവെട്ടു മേരിയായി.ഒരച്ഛൻ ഇല്ലാത്ത കുറവ് കാണിക്കാതെ അവൾ അന്നയെ വളർത്തി. അങ്ങനെ അതിജീവനത്തിന്റെ വഴികളിലൂടെ മേരി മുന്നോട് നീങ്ങി ഒരു ദിവസം അന്നയെ സ്കൂളിൽ ചേർക്കാൻ പോയപ്പോൾ ടീച്ചർ പറഞ്ഞു ഗാർഡിയന്റെ പേര് എന്താണ്? അപ്പോഴും മേരി തന്റെ പേര് പറഞ്ഞു ടീച്ചർ ചോദിച്ചു "അച്ഛന്റെ പേര് പറയു" അമ്മയ്ക്കെന്താ ഗാർഡിയൻ ആകാൻ പറ്റില്ലേ ടീച്ചറുടെ മുഖം ചുവന്നു. പിന്നീട് അവളുടെ മുന്നിൽ വരുന്ന ഏതൊരു പ്രതിസന്ധിയും നേരിടാൻ കഴിയുന്ന തരത്തിൽ അവൾ വളർത്തിയിരുന്നു അന്നയെ . തന്റെ പ്രായത്തെക്കളും പക്വത അവളുടെ മനസിൽ എത്തിയിരുന്നു.

അങ്ങനെ ഇരുപത്തിനാല് വർഷങ്ങൾക് മുൻപുള്ള ഓരോ  ജീവിത ഏടുകളും ഉമ്മറത്തു കിടക്കുകയായിരുന്ന മേരിയുടെ മുന്നിൽ ഒരു ചലച്ചിത്രം പോലെ മിന്നി മാഞ്ഞു. പെട്ടന്ന് "അമ്മേ " എന്ന വിളി അവളെ ചിന്തകളിൽ നിന്ന് ഉണർത്തി

"അമ്മെ എനിക്ക് പോസ്റ്റിങ്ങ് കിട്ടി "
"എവിടെയാ മോളെ " മേരി ചോദിച്ചു "
"കോട്ടയം"
ആ വാക് ഒരു അസ്ത്രം പോലെ മേരിയുടെ ഉള്ളിലേക്കു തറച്ചു കേറി

"അമ്മ ഒരുങ്ങിക്കൊള്ളൂ നമുക്ക് നാളെ തന്നെ പോകേണ്ടതുണ്ട് "

അങ്ങനെ 24 വർഷങ്ങൾക്ക് ശേഷം മേരി തന്റെ സ്വന്തം നാട്ടിലേക്ക്. അവിടെ ആൾക്കൂട്ടങ്ങളുടെ ഇടയിലേക്ക് കാറിൽ നിന്ന് തന്റെ മകളോട് ഒപ്പം

ഇറങ്ങിയപ്പോൾ പരിചിതമായി പല മുഖങ്ങളും അവളെ ഉറ്റു നോക്കുന്നത് അവളറിഞ്ഞു അവളുടെ ചുണ്ടിൽ ഒരു ചിരി പടർന്നു.കളക്ടർ അന്നാ മേരിക്കും അമ്മയായ മേരിക്കും പൂമാല അണിയിക്കാൻ മുന്നിലുണ്ടായത് അവനായിരുന്നു . പണ്ട് തന്നെ അംഗീകരിക്കാൻ മടിച്ച,പണ്ട് തന്റെ കഴുത്തിൽ ഒരു മിന്നു കെട്ടി തന്നെ സ്വീകരിക്കാനും മടിച്ച ഡേവിഡ് മാപ്പിളയുടെ മകൻ സാം ഡേവിസ് .

# കണ്ടുമറന്ന ആ മുഖം

കഥ

ആയിഷ മിസ്ന
ഹിസാന ഫാത്തിമ

ആ ഇളം തെന്നലിൽ അവളുടെ മുടിയിഴകൾ പാറിപ്പറന്നു. അവളുടെ തൊണ്ടയിൽ കല്ലുവെച്ചു കെട്ടിയത് പോലെ ഒരു അസഹനീയമായ വേദന അവൾക്ക് അനുഭവപ്പെട്ടു. അവളുടെ കണ്ണുകളും ആ കടലും തമ്മിൽ സാമ്യമുണ്ടായിരുന്നു. കാരണം കടലിലെ തിരമാലകൾ ഇടയ്ക്കിടെ അലയടിക്കുമ്പോൾ തുളുമ്പുന്ന വെള്ളത്തുള്ളികൾ പോലെ അവളുടെ ഹൃദയം അലയടിക്കുമ്പോൾ അവളുടെ മിഴികൾ കവിഞ്ഞു തുളുമ്പാണ് തുടങ്ങി. മരണത്തിന്റെ വക്കിൽ നിൽക്കുന്ന അവളെ ആശ്വസിപ്പിക്കാൻ പോലും ആരുമുണ്ടായിരുന്നില്ല. അവളുടെ സങ്കടങ്ങൾ കടിച്ചമർത്തി അവൾ മുന്നോട്ടു നീങ്ങി. ആ കടലിൻ്റെ ശ്വാസത്തിനിടയിൽ ഒന്നാഞ്ഞു ശ്വസിച്ച ശേഷം അവൾ മുന്നോട്ട്...

പെട്ടെന്നായിരുന്നു അത്. അവളുടെ കാതുകളിൽ ഒരു അശരീരി മുഴങ്ങി.

"ഗീതാ............"

"ദേ മനുഷ്യാ, നിങ്ങളീ ചായ ഒന്ന് കുടിക്കുന്നുണ്ടോ. വീണ്ടും വീണ്ടും ചൂടാക്കാനൊന്നും എനിക്ക് വയ്യാ" ദേ വരുന്നു ഇതൊന്ന് തീർക്കട്ടെ. അവളെവിടെ? "അവൾ ദാ ആ മുറിയിൽ കതകടച്ച് ഇരിക്കാൻ തുടങ്ങിയിട്ട് രണ്ടു മണിക്കൂറായി." ടക്ക്...ടക്ക് " ടീ വാതിൽ തുറക്ക് " " ദാ വരുന്നു,

" ടാ നാനിപ്പോ വരാം" ......ശ്ശെ......

" എന്താ അച്ഛാ വിളിച്ചത് " " നിനക്ക് അമ്മയെ ഒന്ന് സഹായിച്ചൂടെ അമ്മക്ക് വയ്യാത്തത് നിനക്കറിയില്ലേ"

"ആ അച്ഛാ......"



ആ നിലാവിന്റെ വെളിച്ചത്തിൽ അവളും അവനും മാത്രമുള്ളതായി അവൾക്ക് തോന്നി. പെട്ടെന്നായിരുന്നു അവൻ്റെ ചോദ്യം. അത് നേരിൽ കാണാനുള്ള അതിയായ ആഗ്രഹം പൂത്തുലഞ്ഞു നിൽക്കുന്ന അവളുടെ ഹൃദയത്തിലേക്കായിരുന്നു. അവൾ എടുത്തടിച്ചു പറഞ്ഞു. " എനിക്ക് നാളെ ഒരു പ്രോഗ്രാം ഉണ്ട്. ലാവ കഫെയിൽ വച്ച്, നീ അവിടേക്ക് വന്നാൽ മതി എന്നാൽ എൻ്റെ പ്രോഗ്രാമും കാണാല്ലോ "

" ഗീതാ... ഇത് എന്റെ ഫ്രണ്ട് ഹരി ."

" എങ്കിൽ നിങ്ങൾ സംസാരിച്ചിരിക്ക് ഞാൻ പുറത്ത് വെയിറ്റ് ചെയ്യാം."

" ഓ.... നീ വന്നോ നമുക്ക് പോവാം "

അങ്ങനെ അവർ പിരിഞ്ഞു. രാവിലെ അവളുടെ വിളി കേട്ടാണ് ഗീത ഉണർന്നത്. " ടീ നിന്റെ ചെലവെവിടെ. എനിക്കിപ്പൊകിട്ടണം" "മ്മ് ഇവിടെ വാ നല്ല ചമ്മന്തീം ദോശേം കഴിച്ച് പോവാം."

" എന്റെ പട്ടിക്ക് പോലും വേണ്ട നിന്റെ ദോശ. പിന്നെയാ "

"ടീ.... നീ ഈ രാവിലെ തന്നെ എവിടേക്കാ" തിരിഞ്ഞു പോലും നോക്കാതെ അവൾ നടന്നു.

" ദാ ഇതെങ്കിലും ഒന്ന് കഴിക്ക് നീ "

" എന്നും ഈ ഉണക്ക ദോശ തന്നെയല്ലേ എനിക്കൊന്നും വേണ്ട ഞാൻ പുറത്തിന്ന് കഴിച്ചോളാം."

ഉച്ചക്ക് ശേഷം വീടിന്റെ വാതിലിൽ ആരോ കൊട്ടുന്ന ശബ്ദം കേട്ട് അമ്മ അടുക്കളയിൽ നിന്നും കതക് തുറക്കാനായി പോയി.

"ദേ ഇന്നെങ്കിലും പൈസ തന്നില്ലെങ്കിൽ നിങ്ങളെ അതിൽ നിന്നും ഒഴിവാക്കും"

"കേറിയിരിക്ക് ഞാൻ പൈസ എടുത്തിട്ട് വരാം."

"അല്ലാ കുറേ സമയമായല്ലോ ഇതുവരെ കിട്ടീല്ലേ"

"അല്ല ഞാനിതിവിടെ വച്ചതായിരുന്നു"

"നിങ്ങളുടെ ഈ നാടകം കാണാനല്ല ഞാൻ വന്നത് "

"ദയവുചെയ്യു നിങ്ങളെനിക്ക് ഒരു ദിവസം കൂടി അവധി നീട്ടി തരണം." കുറേ അടിപിടിക്കു ശേഷം ഒടുവിൽ അവർ അത് സമ്മതിച്ചു.

"നീ വേണ്ടതൊക്കെ ഓർഡർ ചെയ്തോ ട്ടോ"

"ആ......."

" ഓ..... നിനക്ക് ഇത്ര നന്നായിട്ട് ട്രീറ്റ് ചെയ്യാനൊക്കെ അറിയാമായിരുന്നോ"രാഹുലായിരുന്നു അത്. ഒരു ചെറു ചിരിയോടെ അവൾ തലയാട്ടി.

"സമയം ഒരുപാട് ആയില്ലേ ഷോപ്പിങ്ങിനുള്ള കാശ് തന്നിട്ട് നീ പൊക്കോ. അമ്മക്ക് വയ്യാത്തതല്ലേ"

"ശരി......"

എന്നും പറഞ്ഞ് അവൾ നടന്നു.

എന്തോ ഒരു ശബ്ദം കേട്ട് അവൾ തിരിഞ്ഞു നോക്കിയപ്പോൾ അവൾ കണ്ട കാഴ്ച അവൾക്ക് വിശ്വസിക്കാനായില്ല. അവൾക്ക് ഒരു അടി പോലും അനങ്ങാൻ കഴിഞ്ഞില്ല. അവളെ തട്ടി മാറ്റിക്കൊണ്ട് രാഹുലും പ്രിയയും കടന്നുപോയി. അപ്പോഴാണ് അവളിൽ ഉറങ്ങിക്കിടന്നിരുന്ന സംശയങ്ങൾ ഓരോന്ന് ഓരോന്നായി ഉണർന്നത്.



നിശ്ചലാവസ്ഥയിലായിരുന്ന അവളെ ആ ഫോൺ കോളാണ് ഉണർത്തിയത്.

"ഹലോ......"

അവളുടെ കയ്യിൽ നിന്നും ഫോൺ താഴേക്ക് വീണു. എന്തു ചെയ്യണമെന്നു പോലുമറിയാതെ അവൾ അവിടെ വീണു. ഉടൻതന്നെ അവൾ എഴുന്നേൽക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവളുടെ കയ്യിൽ നിന്നും ഫോൺ താഴേക്ക് വീണു. എന്തു ചെയ്യണമെന്നു പോലുമറിയാതെ അവൾ അവിടെ വീണു. ഉടൻതന്നെ അവൾ എഴുന്നേൽക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൾ അവളുടെ സർവ്വശക്തിയും എടുത്ത് റോഡരികിലേക്ക് പാഞ്ഞു. ഒരു വണ്ടി പോലും അവൾക്ക് വേണ്ടി നിർത്തിയില്ല. കരഞ്ഞു കരഞ്ഞ് ഒടുവിൽ ഒരു വണ്ടി നിർത്തി.

വീട്ടിലെത്തിയ അവൾ അമ്മയുടെയടുത്തേക്കോടി വെള്ളത്തുണിയിൽ പൊതിഞ്ഞു കിടത്തിയ അവളുടെ അമ്മയെ കണ്ടപ്പോൾ അവൾക്ക് കണ്ണീരടക്കാൻ സാധിച്ചില്ല.

നാട്ടുകാരുടെ ചോദ്യങ്ങൾ സഹിക്കാനാകാതെ പാവം മനുഷ്യനായ അദ്ദേഹം തന്റെ മകളെ പോലും മറന്നു കുടിയനായി തീർന്നു. അച്ഛന്റെ അടുക്കൽ നിന്നും ഉപദ്രവം ഇല്ലാതെ ഒരു ദിവസം പോലും പിന്നീട് അവളുടെ ജീവിതത്തിൽ കടന്നുപോയിട്ടില്ല. മാത്രമല്ല, കോളേജ് ഫീസ് കൊടുക്കാൻ കാശില്ലാത്ത അവളെ അവിടെ നിന്നും പുറത്താക്കി. അവളുടെ കയ്യിൽ ആകെയുണ്ടായിരുന്ന കാശ് പോലും സ്വന്തം അച്ഛൻ കുടിച്ചു നശിപ്പിച്ചു.

ഇടയ്ക്കിടെ കയറിവരുന്ന ചിട്ടിക്കാരുടെ ശല്യം സഹിക്കാൻ ആവാതെ അവൾ താൻ ചെയ്ത തെറ്റുകൾ ഓരോന്നും ഓർത്ത് ഖേദിച്ചു.

അതുകേട്ട് മണലിൽ ആഴ്ന്നു കൊണ്ടിരുന്ന അവളുടെ കാലുകൾ വലിച്ചു അവൾ തിരിഞ്ഞു നോക്കി. ഇതുവരെ പാറിക്കളിച്ചിരുന്ന അവളുടെ മുടിയിഴകൾ ഇപ്പോൾ പാറിക്കളിക്കുന്നില്ല. അത് ഉപ്പുവെള്ളത്താൽ ഒട്ടിപ്പിടിച്ചിരുന്നു.

എവിടെയോ കണ്ടു മറന്ന ഒരു മുഖം അവിടെ പ്രത്യക്ഷമായി അവളുടെ ചുണ്ടുകൾ പിറുപിറുത്തു. " ഹരി "

# ഏകാന്തതയുടെ ഇരുട്ടിൽ നിന്ന്

**കഥ**

കേശവൻ നായർ പതിവുപോലെത്തന്നെ അതിരാവിലെ ഉണർന്നു.പുറത്തേക്കൊന്നു നടക്കാനിറങ്ങാൻ തുനിയുമ്പോഴാണ് ഓർമ്മ വന്നത് 'ലോക്ക്ഡൗണല്ലേ, എങ്ങോട്ടു പോവാൻ'.വീട്ടിലടച്ചുപൂട്ടിയിരിക്കാൻ തുടങ്ങിയിട്ട് നാളേറെയായെങ്കിലും തന്റെ മനസ്സിനെ പാകപ്പെടുത്തിയെടുക്കാൻ അയാൾക്ക് കഴിഞ്ഞിട്ടുണ്ടായിരുന്നില്ല.

വയനാട്ടിലെ ഒരു ചായത്തോട്ടത്തിനരികിലായാണ് അയാളുടെ താമസം.വലിയ നിലയിലൊന്നും അല്ലെങ്കിലും തന്റെ കാര്യങ്ങൾ കഴിച്ചു കൂട്ടാൻ തരത്തിലുള്ള ഒരു ജോലിയായിരുന്നു അയാളുടേത്.

ഒരു സാധാരണ നായരു കുടുംബത്തിലാണ് കേശവൻ നായരുടെ ജനനം.ഈ ലോക്ക്ഡൗൺ കാലത്താണ് അദ്ദേഹത്തിന് ഈ ഭൂമിയിലെ തന്റെ ഏക ആശ്രയമായ അമ്മ വിട്ടു പിരിഞ്ഞത് .അദ്ദേഹത്തിന് അത് താങ്ങാൻ കഴിയുന്നതായിരുന്നില്ല. അവരിൽ നിന്നുണ്ടായ ചെറിയ അശ്രദ്ധമൂലമാണ് അയാൾ ഇന്ന് തനിച്ചായത്.'ലോക്ക്ഡൗണാണ് പുറത്തു പോവല്ലേ ' എന്ന് നൂറു തവണ മുന്നറിയിപ്പുമായി നമ്മുടെ ആരോഗ്യ പ്രവർത്തകർ വന്നതാണ്.ആര് കേൾക്കാൻ എല്ലാവരും അത് നിസ്സാരമാക്കിയെടുത്തു.അതുമൂലം മരിച്ചവരിൽ ഒരാളായി അയാളുടെ സ്നേഹനിധിയായ അമ്മയും.



അയാൾ ഇന്ന് തനിച്ചാണ്.ഒപ്പം കടുത്ത ദാരിദ്ര്യവും.ഇടയ്ക്ക് അയാൾ സ്വയം പറയും'നാശം ഏതു നേരത്താണോ ഈ കൊറോണ വന്നത്.'കോവിഡ് കാരണം ആകെയുണ്ടായിരുന്ന വരുമാനവും മുട്ടി.തട്ടിയും മുട്ടിയും ഇതു വരെ കാര്യമെത്തിച്ചു .ഇനിയെന്ത്? എന്നൊരു ചോദ്യം മാത്രം അയാളുടെ മുന്നിൽ ബാക്കിയായി.എങ്കിലും വയനാടൻ കാറ്റും തണുപ്പും ചായത്തോട്ടത്തിന്റെ ഹരിതാഭയും മനസ്സിലെ കുളിർമ്മ നിലനിർത്തി.

അങ്ങനെ അയാൾ ജീവച്ഛവമായി ജിവിച്ചു.അൽപ്പം വായനയും കൂടെയുള്ളതുകൊണ്ട് വല്യതരക്കേടില്ലാതെ അയാൾ മുന്നോട്ടുപോയി.എങ്കിലും ഭക്ഷണത്തിന് ഇത് മതിയാകില്ലല്ലോ.ഹരിതാഭയും പുസ്തകവും എങ്ങനെ വിശപ്പു മാറ്റും? അപ്പോഴാണ് കൃഷി ഒരു മുതൽകൂട്ടായിരുന്നെങ്കിൽ എന്നയാൾ ചിന്തിച്ചത്. പക്ഷേ എന്തുകാര്യം ?

തന്റെ നാളുകൾ എണ്ണപ്പെട്ടുവെന്ന് അയാൾക്ക് മനസ്സിലായി.ഒര് ദിവസം അയാൾ ചിന്തിച്ചു. "ഒരു പുസ്തകമെഴുതിയാലോ? ഏയ് വേണ്ട ഇന്നത്തെ പശ്ചാത്തലത്തിൽ എങ്ങനെ പബ്ളിഷ് ചെയ്യും?അല്ലെങ്കിലും എന്നെപ്പോലൊരാൾക്ക് "

ആ പ്രതീക്ഷയും അവസാനിച്ചു. എന്നാലും തളർന്നു കൂടാ."ഓൺലൈനിൽ ഒരു കഥയായാലോ"

അങ്ങനെ അയാൾ തന്റെ സ്വന്തം കഥ എഴുതാൻ തുടങ്ങി.

ആദ്യമൊക്കെ വളരെ വിമർശനങ്ങൾ നേരിട്ടുവെങ്കിലും പതിയെ പതിയെ അയാൾ അതിൽ മുഴുകി.എന്തേ ഞാൻ ഇങ്ങനെയൊന്നെഴുതിയില്ല.മലയാളക്കര അദ്ദേഹത്തെ ഉയർത്തി.പട്ടിണി മാറ്റാൻ തുടങ്ങിയ എഴുത്ത് അയാളുടെ ജീവിതമായി മാറി.



**ഫാത്തിമ ദിൽന**
IX A

# എന്റെ ആംബുലൻസ് അനുഭവങ്ങൾ

## ഒരു ഓർമ്മകുറിപ്പ്



ജൂലയ് 19, ത് എന്ന ദിവസം ആണ് ഞാൻ ജനിച്ചത്
എൻ്റെ
കസിൻ ആയ ശിൽപയും ജോൺസനും കൂടി ജൂലായ്
12 എന്നെ കാണാൻ വന്നപ്പോൾ ബർത്തേ ഡേ
ഗിഫറ്റ് ആയി എനിക്ക് തന്നത് ഒരു പാന്റ്സിനുള്ള
തുണിയും ഷർട്ട് പീസും ആയിരുന്നു ,അത് തയ്പ്പിച്ച്
പുത്തൻ ഷർട്ടും പാൻസും ഇട്ട്
19 രാവിലെ പള്ളിയിൽ പോയി. പ്രാർത്ഥിച്ച്
സാധരണ പോലെ തന്നെ
ആംബുലൻസ് എടുത്ത് കൊണ്ട് സ്റ്റാന്റിൽ പോയി,
മരിച്ച് പോയ പ്രിയ സുഹൃത്ത് അജിഷിന്റെ
ആംബുലൻസിൽ ഇരുന്ന് കൊണ്ട് തലേദിവസം
ഓട്ടം പോയതിന്റെ വിശേഷം പറയുമ്പോൾ
എന്റെ ഫോൺ ശബ്ദിച്ചു. ഷിൻസ് ആണ് ചെന്നയിൽ
നിന്ന് ബെർത്ത് ഡേ വിഷ്ചെയ്യുന്നത് ഫോണിൽ
കൂടി അജീഷ് കേട്ടു .പിന്നെ ചിലവ്
ചെയ്യണം എന്നും പറഞ്ഞ് ആയി അവിടെ അങ്ങനെ
യാണ് ,എന്തിനും ഏതിനും ചിലവാണ്, അവസാനം
ഉച്ചക്ക് സൂര്യ ഹോട്ടലിൽ നിന്ന് ബിരിയാണി,
തീരുമാനം ആയി.

1 മണിക്ക് ഭക്ഷണം കഴിക്കാൻ
പോകാൻ തുടങ്ങുമ്പോൾ WMO ജലീക്കായിക്ക് ഒരു
ഓട്ടം,
കൽപ്പറ്റ – പോകണം രണ്ടര
ആകുമ്പോൾ എത്തും ,ഞാൻ
വന്നിട്ടെ ഭക്ഷണം കഴിക്കാവൂ
എന്ന് പറഞ്ഞ് എമർജൻസി
ആയി അയാൾ പോയി 2 .30 pmഅയാൾ വിളിച്ചിട്ട്
പറഞ്ഞു.
എനിക്ക് രോഗിയെ കൊണ്ട്
കോഴിക്കോട് പോകണം.
അജിഷ് പറഞ്ഞു നമ്മുക്ക്
ഭക്ഷണം കഴിക്കാം.

സുര്യ ഹോട്ടലിൽ വൻ തിരക്ക്
ബിരിയാണി ഓഡർചെയ്ത് കാത്തിരിക്കുമ്പോൾ
അജീഷ്
ന് ഒരു ഫോൺ എന്റെ മുഖത്തേക്ക് നോക്കി അജിഷ്
പറഞ്ഞു. ഷിജുവേട്ടാ S I ആണ് വിളിച്ചത്
കുഞ്ഞോത്തേക്ക് അത്യാവശ്യം
ആയി ആംബുലസ് ചെല്ലണം വലിയ വണ്ടി
പോകില്ല ചെറിയ വണ്ടി വേണം
നിങ്ങൾ വേഗം പോകണം
ഭക്ഷണം വന്നിട്ട് കഴിക്കാം.

ഞാൻ പറഞ്ഞു,സാരമില്ല നീ
കഴിച്ചോ എന്ന് പറഞ്ഞ് ഞാൻ
ആശുപത്രിക്കുന്നേൽ ചെന്ന്
വണ്ടിയുമായി നിരവിൽ പുഴക്ക്
ചെന്നു; ഞാൻ ചെല്ലേണ്ടത് കുരുളായി വനത്തിൽ
ആണ് ഇതിന്റെ മറുവശം പേരിയ ആണ്
വനത്തിലൂടെ കുറെ
ചെന്നപ്പം കൂരിരുട്ട് അയി ഹെഡ് ലൈറ്റ് ഇട്ട്, കുണ്ടും
കുഴിയും നിറഞ്ഞ മൺറോഡിൽ കൂടി
വണ്ടി ഓടിക്കുമ്പോൾ ആനക്കൂട്ടം!
ഭാഗ്യത്തിന് ആനക്കൂട്ടം റോഡ് ക്രോസ് ചെയ്ത്
കടന്ന് പോയി
ഇതിനടയിൽ മൊബൈൽ റേഞ്ച് നഷ്ട
പ്പെട്ടു. മുന്നിൽ കണ്ട റോഡിൽ
കൂടി ആംബുലൻസ് ആടി ഉലഞ്ഞ് ഓടികൊണ്ടിരുന്നു.

കുറെ ദൂരം പിന്നിട്ടപ്പോൾ വെട്ടം
കാണാം, വയലുകൾ:
വീടുകൾ :വീണ്ടും ഉൾവനം
അകലെ പോലിസ് ജീപ്പ് നിർത്തിട്ടിരിക്കുന്നു: ആരും
ഇല്ല , അവിടെ റോഡ്
തീർന്നു . ഇനി നടന്ന് പോകണം. കാൽനിലത്ത്
കുത്തിയാൽ അട്ട
ആംബുലൻസ് അവിടെ ഇട്ട്
കുത്തി തിരിച്ച് കഴിഞ്ഞപ്പോൾ
മുഖം മൂടി കെട്ടിയ SI യും പോലിസ്
കാരും വന്നു, ഞാൻ
ഡിക്കി തുറന്ന് സ്ട്രെച്ചർ താഴെഇറക്കി പിടിച്ച്
നിൽക്കുകയായി
രുന്നു. വന്ന പോലീസ് കാർ അവിടെകുത്തിയിരുന്നു.
വാള് വെക്കുന്നു. ഞാൻ ചോദിച്ചു. സർ,
എന്താണ് പറ്റിയത്? രോഗിയെ കാത്തിരുന്ന
എന്നോട് ഛർദിക്കുന്നതിന്റെ ഇടയിൽ ആ പോലിസ്
കാരൻ പറഞ്ഞു.
രോഗിയല്ല മോനെ... 10 ദിവസം
പഴകിയ ബോഡി ആണ്. അപ്പോൾ അവിടെ ആകെ
വല്ലാത്ത ഒരു മണം രാവിലെ
കുടിച്ച ചൂട് വെള്ളവും ഉള്ളി വടയും എടുത്തിട്ട് കൊട്ടി.
എങ്കിലും ബോഡി കാത്തിരുന്ന
ഞാൻ കണ്ടു. ... ഒരാൾ 50 കിലോചാക്കിൽ പകുതി
കെട്ടിയതു
പോലെ എന്തോ കൈയിൽതൂക്കി പിടിച്ച് നടന്ന്

വരുന്നു. ഞാൻ പറഞ്ഞു, പണിആയുധം പോലിസ് ജീപ്പിൽ കയറ്റിക്കോ ബോഡി ഇതിലും ആംബുലസിന്റെ അടുത്ത് വന്ന ആൾ ഒരു മടിയും കൂടാതെ ചാക്ക് കെട്ട് സ്ട്രച്ചറിൽ വച്ചു.
വെള്ളം ഇറ്റിറ്റ് വിഴുന്ന ചാക്കിൽ നിന്നും ഇതിന്റെ മണം അടിച്ച് ഛർദ്ദിച്ച് അവശതയായി

ഏതോ ഒരു ആൾ, സ്ത്രീ ആണോ പുരുഷൻ ആണോ അറിയില്ല വനത്തിൽ തൂങ്ങിമരിച്ചത് ആണ് എലിയും വാവലും വന്യമൃഗങ്ങൾ കടിച്ച്തിന്നതിന്റെ ബാക്കി. തൊലി ചീഞ്ഞ് മൈദ കലക്കിയത് പോലെ 10 ദിവസം കഴിഞ്ഞിരിക്കുന്നു 3 കിലോ പോലും ഇല്ലാ ശരിര ഭാഗങ്ങൾ, ഒരു പ്ലാസ്റ്റിക്ക് ചാക്കിൽ കെട്ടിയത് ,ഡോക്ടർ സ്ഥലത്ത് വന്ന് പോസ്റ്റുമാട്ടം നടത്തി കഴിഞ്ഞ് പോയി.

ഇനി ബോഡി അടക്കണം ആരും ഇല്ലാത്തത് കൊണ്ട് ഞാൻ പറഞ്ഞു നമ്മുക്ക് ഇത് അടക്കാം കുറച്ച് കഴിഞ്ഞ പ്പോൾ എല്ലാവരും ഇതുമായി പൊരുത്തപ്പെട്ടു

ബോഡി എടുത്ത് മെയിൻ റോഡിൽ എത്തിയപ്പോൾ SI
പറഞ്ഞു. വണ്ടിക്ക് വാടക വേണ്ടേ? കണ്ണ് മാത്രം ഒഴിച്ച്
ബാക്കി ഭാഗം മൂടി കെട്ടി
ഞാനും പോലിസ് കാരനും ആംബുലസിൽ.SI പറഞ്ഞു വണ്ടി സൈഡ് ആക്കി ഒതുക്കി നിർത്ത്.

ഈ സമയം
സർവ്വ നിയമങ്ങളും കാറ്റിൽ പറത്തി റോഡിൽ ഒരു ടിപ്പർ
പാഞ്ഞു വന്നു
എസ് ഐ കൈ കാണിച്ചു.

ഞാൻ റോഡ്സൈഡിൽ വണ്ടി ഒതുക്കി നിർത്തി

20 മിനിറ്റ് സമയം റോഡിൽ ചെക്കിംങ് ...
ആംബുലൻസ് വാടക റെഡി..

ഈ ബോഡി അടക്കണം മാനന്തവാടി പഞ്ചായത്തിന്റെ
അനുമതി കിട്ടി. ആരും ഇല്ലാത്തത് കൊണ്ട് നമ്മുക്ക്
തന്നെ അടക്കാം . വരുന്ന വഴിക്ക് എന്റെ ഒരുകൂട്ട്ക്കാരൻ്റെ വീട്ടിൽ നിന്നും തൂമ്പയും പിക്കാസും വാങ്ങി. എന്റെ സുഹൃത്ത് മാനന്തവാടി BSNL ൽ ജോലി ചെയ്യുന്ന ഇസഹാക്ക് ( പന്തനാനിയിൽ ബേബി )യെയും കൂട്ടി .കാര്യം പറഞ്ഞപ്പോൾ മൂപ്പർ പറഞ്ഞു
ഞാനും വരാം.... ആംബുലൻസിന്റെ അടുത്ത് വന്ന ബേബി ചേട്ടൻ ബോഡി കാണാത്തത് കൊണ്ട് എവിടെ ബോഡി? ഗ്ലാസ്സ് നീക്കി സ്ട്രച്ചറൽ വച്ചിരിക്കുന്ന ചാക്ക്കെട്ട് കണ്ട് അയാൾ ഞെട്ടി. മുഖത്തേക്ക് ഏറ്റ മണം കൊണ്ട് ഒരു നിമിഷം അയാൾ റോഡിൽ കുത്തിയിരുന്നു. സാവാധാനം മുഖം ടവ്വൽ കൊണ്ട് വലിച്ച് കെട്ടി ആംബുലൻസിന്റെ പുറകിൽ കയറി ' ഉള്ളിലെ കണ്ണാടിയിൽ കൂടി ചർദ്ദിക്കാൻ വെമ്പുന്ന അയാളെ എനിക്ക് കാണാമായിരുന്നു. അങ്ങനെ തോണിച്ചാൽ കൂടി മാനന്തവാടിക്ക് ഈ സമയം ടൗണിൽ ഒരു പ്രകടണം ആംബുലൻസിന് വഴി ഒരുക്കുമ്പോൾ അതുവരെ പ്രകടണം നടത്തിയർ നിശബ്ദരായി മണം അടിച്ചിട്ട് മുദ്രാവാക്യം വിളിക്കാൻ മറന്ന പോയി

സമയം 8 മണി ,ചാറ്റൽ മഴയെ ഞങ്ങൾഅവഗണിച്ചു. കാട്ടു കൾ വെട്ടിമാറ്റി മെഴുക് തിരി വെട്ടത്തിൽ ഞാനും ബേബിച്ചേട്ടനും പോലീസ് കാരൻഉസ്മാനും കൂടി ശ്മശാ നത്തിൽ കുഴി എടുത്ത്, ഒരു വാഴ വെക്കാൻ പാകത്തിൽ ഒരു കുഴി . ഈ ചാക്ക്കെട്ട് കുഴിയിൽ ഇറക്കി ഇങ്ങനെ പ്രാർഥിച്ചു.

ദൈവമേ. ഈ മരിച്ച ആൾ ആരന്ന് ഞങ്ങൾക്ക് അറിയില്ല.
ഹിന്ദുവോ,മുസൽമാനോ ക്രിസ്ത്യാനി എന്നോ ഒന്നും ഞങ്ങൾക്ക് അറിയില്ല
ഒന്ന് ഞങ്ങൾക്ക് അറിയാം
ഇത് ഞങ്ങളുടെ സഹോദരനോ സഹോദരിയോയാണ്. ഇയാളുടെ ആത്മാവിന് മോക്ഷം കൊടുക്കണമേ .....Postഓഫിസ് റോഡിലുള്ള കടയിൽ നിന്നും ഞങ്ങൾ വാങ്ങിയ ചന്ദന തിരി
കുഴിമാടത്തിൽ കുത്തിവച്ച്
വണ്ടിയിൽ കയറുബോൾ
കർക്കിടമാസത്തിലെ കനത്ത മഴ

ഗിഫ്റ്റ് കിട്ടിയ ഷർട്ടും പാന്റ്സും
ഒന്നിനും കൊള്ളാത്തവിധം ആയി. ഫുൾ മണം ശരിരം മൊത്തവും
വണ്ടി മുഴുവനും.

ആ മണക്കുന്ന
ഷർട്ടും ഇട്ട് പാവം പോലിസ് കാരനും ബേബിച്ചനും യാത്ര ചോദിച്ച്പോയി. വെള്ള ഷർട്ട്
വെള്ളമുണ്ടും ഉടുത്ത ബേബിച്ചൻ ഓട്ടോ ഒന്നും വിളി
ക്കാതെ നടന്നു പോയി കാരണം ചളിയും മണവും: അയാളുടെ കോലം കാണണ്ടത്
ആയിരുന്നു.

വണ്ടി എത്ര കഴുകിട്ടും മണം മാറുന്നില്ല: ആംബുലൻസ് ബോഡിയിൽ നിന്നുള്ള വെള്ളം വിണ് ആകെ ഒരു
വല്ലാത്ത മണം വണ്ടി കഴുകുമ്പോൾ വണ്ടിയുടെ അടുത്ത് കൂടി
കടന്ന് പോകുന്നവർ മുക്ക് പൊത്തിപ്പിടിച്ച് പോകുന്നത്
ഞാൻ കാണുന്നുണ്ടായിരുന്നു. എല്ലാ ഡോറും തുറന്നിട്ട് ഞാൻ താമസിക്കുന്നആശ്രമത്തിന്റെ
പടി കയറി . വിശപ്പ് എവിടെയോ പോയി മറഞ്ഞിരിക്കുന്നു.ഇട്ടിരിന്ന ഷർട്ടും പാൻസും ,
മണവും കുഴി വെട്ടിയ ചളിയും ഒന്നിനും കൊള്ളാത്ത വിധം ആയി പോയി.
ആശ്രമത്തിന്റെ പുറകിൽ തോർത്ത് ഉടുത്ത് നിന്ന് കത്തിയാളുന്ന ആ പുത്തൻ വസ്ത്രത്തിലേക്ക് നോക്കി
ഞാൻ ചോദിച്ചു നിങ്ങൾ ആരായിരുന്നു? ആരായിരിക്കും

ഈ വ്യക്തിക്ക് വേണ്ടി കണ്ണി രോട് ഈശ്വരന്റെ മുമ്പിൽ തിരി
കത്തിച്ച് ആരോക്കെയോ വഴിലോട്ട് കണ്ണും നട്ട് ആ കാൽ പാദത്തിന്റെ ശബ്ദം കതോർത്തിരുന്ന് കാത്ത്
കാത്ത് ഇരിപ്പുണ്ടാവും

ജൂലയ് 19 എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഓർമ്മകൾ തന്ന ആ വ്യക്തിക്ക് ആയാളെ
കാത്തിരിക്കുന്നവർക്ക് വേണ്ടി വേദനയോടെ
പ്രാർത്ഥനയോടെ .......

**ഷിജു കാരുണ്യ മാതാ**
**ഓഫീസ് സ്റ്റാഫ്**

# സ്റ്റുഡൻസ് പോലീസ് കേഡറ്റ് -സംസ്ഥാന ക്യാമ്പ്

## ഓർമ്മക്കുറിപ്പ്

2010 ആഗസ്റ്റ് രണ്ടിന് തുടക്കമായ കേരള പോലീസിന്റെ അഭിമാന പദ്ധതിയാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ലക്ഷ്യം എന്തെന്നാൽ ഒരു നല്ല ഭാവി തലമുറയെ വാർത്തെടുക്കാൻ എന്നതാണ്. ഈ പദ്ധതിയിലൂടെ അഭിമാന പ്രോജക്ടുകളാണ് ചിരി ,ശുഭയാത്ര, വിമുക്തി ,ദൃശ്യപാഠം,എന്നിവ ഈ സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി ലോകത്തെങ്ങും അറിയപ്പെടുന്ന ഒരു വിദ്യാർത്ഥി സംഘടനകൂടിയാണ് .ഈ വർഷത്തെ സ്റ്റേറ്റ് ക്യാമ്പിൽ പങ്കെടുക്കാൻ എനിക്ക് അവസരം കിട്ടിയതിന് ഞാൻ വളരെയധികം സന്തോഷവതിയാണ് . ഇത്ര ക്യാമ്പ് നടക്കുന്നത് തിരുവനന്തപുരം പേരൂർക്കടയിലുള്ള SAP ക്യാമ്പിൽ വെച്ചാണ്.വയനാട്ടിൽ നിന്ന് ഞങ്ങൾ പോയത് പോലീസ് ബസിലായിരുന്നു. ഞങ്ങൾ എല്ലാവരും ആദ്യമായാണ് ആ വാഹനത്തിൽ കയറുന്നത്.പോകുമ്പോഴും തിരിച്ചു വരുമ്പോഴും ഒരു വേർതിരിവും ഇല്ലാതെയാണ് പാട്ടുപാടി ഡാൻസ് കളിച്ചതും എല്ലാം.ഞങ്ങളുടെ കൂടെ ADNO മോഹൻദാസ് സാറും അസിസ്റ്റൻറ് ലല്ലു സാറും. ഡോക്ടർമാരായ ഷക്കീർ സാറും ഗീതാ മാധവും സീത മാധവും CPO മാരായ ഫലീല മിസ്സും ശാനിദ് സാറും ഉണ്ടായിരുന്നു .ഞങ്ങൾ വൈകുന്നേരം 6 മണിക്ക് കൽപ്പറ്റ എസ് പി ഓഫീസിൽ നിന്ന് യാത്ര തിരിച്ചു. ASP വിനോദ് പിള്ള സാർ ഫ്ലാഗ് ഓഫ് ചെയ്തു. പിറ്റേന്ന് രാവിലെ 7:30 ന് ഞങ്ങൾ അവിടെ എത്തിച്ചേരുന്നത് .

ഉച്ചയ്ക്ക് ക്യാമ്പ് ഉദ്ഘാടനം ചെയ്യാൻ മന്ത്രി വി ശിവൻകുട്ടി അവറുകൾ എത്തിച്ചേർന്നിരുന്നു .അദ്ദേഹത്തിന് സല്യൂട്ട് കൊടുക്കാൻ ഞാൻ തിരഞ്ഞെടുക്കപ്പെട്ടു .അതിൽ എനിക്ക് വളരെ സന്തോഷമുണ്ട് . കൾച്ചറൽ പ്രോഗ്രാമിന് വേളയിൽ നേവിയിൽ നിന്നും എയർഫോഴ്സിൽ നിന്നും കരസേനയിൽ നിന്നും ആളുകൾ വന്ന് ഞങ്ങളോട് സമ്വദിക്കുകയും ചെയ്തു.പിറ്റേന്ന് ഞങ്ങൾക്ക് ഫീൽഡ് വിസിററ് ആയിരുന്നു .വിതുര എന്ന ആദിവാസി കോളനിയിലേക്കാണ് ആദ്യം പോയത് .ശേഷം അവർക്ക് കിറ്റുകൾ വിതരണം ചെയ്ത് അവരുടെ ഊര് മൂപ്പനോട് സംവദിച്ചു .പിന്നെ അവരുടെ വീടും ചുറ്റുപാടും കാണാൻ പോയി. വയനാട്ടിലെ ആദിവാസികളിൽ നിന്നും വളരെ വ്യത്യസ്തരാണ് അവർ .വേഷത്തിലും ഭാഷയിലും ചുറ്റുപാടിലും എല്ലാം .ഓരോ ദിവസം ഇടവിട്ടും ഞങ്ങൾക്ക് ഫീൽഡ് വിസിറ്റ് ഉണ്ടാകും .ഫീൽഡ് വിസിറ്റ് ഇല്ലെങ്കിൽ ഇൻഡോർ ക്ലാസ് ഉണ്ടാകും. അങ്ങനെ ഞങ്ങൾ കേരള നിയമസഭയിൽ പോയി അതിൻറെ നിർമിതിയെ പറ്റിയും ചരിത്രത്തെ പറ്റിയും അതിലെ സീറ്റിലിരിക്കുന്ന ആളുകളെയും പറ്റിയും അവിടെയുള്ളവർ പറഞ്ഞു തന്നു .മ്യൂസിയവും കേരള സ്റ്റേറ്റ് ഡിസിസ്റ്റർ മാനേജ് മെൻറ് ഓഫീസ്-30ക്ലാസും ഉണ്ടായിരുന്നു .ഇൻഡോർ ക്ലാസുകളിൽ സഫാരി ടിവിയുടെ ഓണറും സഞ്ചാരത്തിന്റെ ഡയറക്ടർ-30 ആയ സന്തോഷ് ജോർജ് കുളങ്ങര സാറും. ISRO ചെയർമാൻ സോമനാഥൻ സാറും ഹൈക്കോർട്ട് ചീഫ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സാറും .IAS,IPS,IRS,IFSവിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുടെയും ഒക്കെ ക്ലാസുകൾ ഞങ്ങൾക്ക് കിട്ടിയിരുന്നു . ഒരു ദിവസം രാത്രി കൾച്ചറൽ പ്രോഗ്രാമിന്റെ ഇടയ്ക്ക് നടന്നും സംവിധായകനുമായ ബേസിൽ ജോസഫും വന്നിരുന്നു അദ്ദേഹം വയനാട്ടുകാരൻ ആണെന്ന് ഞാൻ അന്നാണ് അറിയുന്നത് .അദ്ദേഹത്തിനോടും എനിക്ക് സംസാരിക്കാൻ അവസരം കിട്ടി .വേറൊരു ദിവസം കറുത്ത മുത്തായ ഐ എം വിജയൻ സാറും എവറസ്റ്റ് കീഴടക്കിയ ഒരാളും ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് വേണ്ടി ഗോൾഡ് മെഡൽ വാങ്ങിയ ഒരാളും ഒന്നിച്ച് വന്നിരുന്നു അവരുടെ അനുഭവങ്ങളിൽ നേരിട്ട് പ്രതിസന്ധികൾ ഞങ്ങളോട് പങ്കുവെച്ച് .വേറൊരു ദിവസം ജനമൈത്രി പോലീസിന്റെ സ്ത്രീശക്തി എന്നവരുടെ പോലീസിൻ്റെ നാടകവും ഉണ്ടായിരുന്നു അതിൽ ഞങ്ങൾക്ക് ഉപകാരപ്പെടുന്ന നമ്പറുകളും പറഞ്ഞു തന്നു. വെള്ളിയാഴ്ചbada khana ആയിരുന്നു അതായത് ഒരു അടിപൊളി ഫുഡ് .അതിൽ കുറെ ഐറ്റംസ് ഉണ്ടായിരുന്നു അന്നുതന്നെയായിരുന്നു. തല്ലു മാലയിൽ ബിജിഎം ചെയ്ത ജെഫിന്റെ ഡിജെ നൈറ്റ് എല്ലാവരും ഡാൻസ് കളിച്ചു പാട്ട് പാടി എൻജോയ് ചെയ്തു പിന്നെ ലാസ്റ്റ് നൈറ്റ് ഗാനമേളയും കലാപരിപാടികളും ഒക്കെ ഉണ്ടായിരുന്നു കൂടാതെ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും പാസിംഗ് ഔട്ട് പരേഡ് പ്രാക്ടീസും ഉണ്ടായിരുന്നു അതുകഴിഞ്ഞ് കുറേ ഫോട്ടോസ് എടുത്തു. മുഖ്യതിഥി ധനകാര്യ

മന്ത്രി ബാലഗോപാലൻ അവർകൾ ആയിരുന്നു.

ഈ ക്യാമ്പ് എൻറെ ജീവിതത്തിൽ കുറെയധികം മാറ്റങ്ങൾ കൊണ്ടുവന്നു ഈ ക്യാമ്പ് എനിക്ക് ആത്മവിശ്വാസവും കൃത്യനിഷ്ഠതയും നിറഞ്ഞ ജീവിതം സമ്മാനിച്ചു ഇതിനിടയിൽ ഞാൻ ഭക്ഷണത്തിൻറെ കാര്യം മറന്നു. വിഭവസമൃദ്ധമായ ആഹാരങ്ങൾ ആയിരുന്നു ഞങ്ങൾക്ക്  കിട്ടിക്കൊണ്ടിരുന്നത് തികച്ചും പോഷകസമൃദ്ധമായ ആഹാരം. അവിടെയുള്ള ഏക പ്രതിസന്ധി താപനില മാത്രമാണ് വയനാട്ടിൽ നിന്നും പോയ ഞങ്ങൾക്ക് അത് കൊടും ചൂടായി തോന്നി. ഞങ്ങൾക്ക് രാത്രി സ്റ്റേ ഓരോ വലിയ വലിയ ഹാളുകളിലാണ് എൻറെ അടുത്ത് ആലപ്പുഴക്കാരിയും തിരുവനന്തപുരം കാര്യമായിരുന്നു. രാവിലെ അഞ്ചരക്ക് എഴുന്നേറ്റാൽ രാത്രി പതിനൊന്നു മണിക്കാണ് ഉറങ്ങുന്നത്.എല്ലാ ദിവസവും ഇതുതന്നെ. എന്തുതന്നെയായാലും ഈ ക്യാമ്പ് ഞാൻ എന്റെ ജീവിതത്തിൽ ഒരു നാഴികക്കല്ല് തന്നെയാണ്.



കീർത്തന പി

# കാവ്യനീതി

കവിത

നീളെ പരക്കെ വിരിയിട്ട പച്ച പുഞ്ചവയൽകളും
നെൽക്കതിർ കൊത്തി പറക്കും കിളികളും
തെളിനീർ തൻ നീലക്കയങ്ങളാം കുളങ്ങളും
ഇളമീൻ തുള്ളും പുഴ തൻ തണുപ്പും
സ്വപ്നം പെയ്യും മഴ തൻ തഴുകലും
ഇനിയെനിക്കെന്നുമെന്നുമന്യമെന്നോ ?

ഓർമ്മകൾ മിന്നുമാചിരാതിലൂടെന്നിൽ
വന്നണയുന്നൊരാകാശമേ
എന്തെന്നറിയേല മാരിവിൽ വർണ തിമിർപ്പിൽ
ഇത് മോഹമോ മോഹ ഭംഗമോ ?

നേരിപ്പോടെറിയും നെഞ്ചകത്തെ
പ്രണയ ചൂടിലടവെച്ചുയിർപ്പിച്ച ചിന്തകൾ
നിനക്ക് പാടാനൊരു പാട്ടൊരുക്കും
നിനക്ക് പടരാനൊരു വന്മരം തീർക്കും
നിനക്കൊഴുകാനൊരു പുഴയും !



അമർഷഘ്രോഷമോടാ പൂരണം
സിന്ദൂര ചന്തമന്തിക്ക് നേരും
ഘന ജല കുംഭങ്ങൾ മിഴിയിണകളിലുതിർക്കും
നീർമണി മുത്തുകൾ
ചുടു നിണതുള്ളിയായ് പരിണമിച്ചോ?

വിടരാതടർന്നണ്ടു വീഴും
പാഴ് മുകുളങ്ങളർദ്ധ സൂനങ്ങൾ
തീർത്തൊരാ പൂവാടി തൻ
മുൾവേലിപ്പടർപ്പിലുടക്കിയ
പിൻ വിളികളാണോർമ്മകൾ

വെട്ടി ഞാനൊരുക്കിയ പൂങ്കാവനത്തിൽ
അനുദിനം പെരുകുന്ന സുഗന്ധവും പേറി
സന്തോഷ സന്താപമെല്ലാം പകുത്തു
നൽകുമീ യാത്രയിൽ സ്വസ്തി
നേർന്നൊരു ചിരിയോടെ ഹായ് പറഞ്ഞീടാം
കിഴക്കിനി പൂത്തിരി കത്തിയുയരുമെന്നിൽ
തെളിയിക്കുമീ ദിവ്യ പ്രകാശം
സ്നേഹ പ്രകാശം, ഹൃത്തിൻ പ്രഭ

ഋതുക്കളോ മാറി
മലരണിക്കാടോ മായുന്നു
മഞ്ഞിയൊരോർമയിൽ
മയങ്ങുന്ന നേരത്ത്
ആരോ പറയുന്നു:
കാലത്തിൻ നീതി പുലരും..



അബ്ദുൾ ഗനി കെ
മലയാളം അദ്ധ്യാപകൻ

# ശേഷിപ്പുകൾ



മനുഷ്യനും പ്രകൃതിയും
ഇവരിലാരാണ് ക്രൂരൻ?
ഇന്ന് ഇന്നലെക്ക് സ്വന്തമാണെങ്കിൽ
നാളെ മറ്റെന്നാളിന് സ്വന്തമാണ്..
എന്ത് തന്നെയായാലും
മനുഷ്യൻ പഴയ മനുഷ്യനല്ല..

മരം, വെള്ളം ഇത് പ്രകൃതിയല്ലേ...
മരം നമുക്ക് തണൽ.. പക്ഷികൾക്ക്
വീട്..
ഇത് കൂടാതെ എന്തെല്ലാം എന്തെല്ലാം..
വെള്ളമോ?
നമുക്ക് ജീവജലം അത് പോലെ മൃഗങ്ങൾക്കും
എങ്ങനെയെന്തെല്ലാം...
പിന്നെ എന്തിനീ യുദ്ധം
പ്രകൃതിയെ ആസ്വദിക്കാത്തത് ആരുണ്ട്??
എന്നിട്ടും...!!
മനുഷ്യാ നീ ഒന്നോർക്കുക
നീ ചെയ്തതെല്ലാം നിനക്ക് തന്നെ എതിരായി വന്നു ചേരും..
അതും ഏതു രൂപത്തിലും..

**കീർത്തന പി**
IXA

# തീക്കുതിര



അങ്കം ജയിച്ച രാത്രി
നിലാവത്ത്
പുഴ നീന്തി
കുളിർന്നു വന്നിട്ടുണ്ട്.

പന്തയത്തിലോടി
കിതപ്പറിയ്ക്കാതെ
ഒന്നാമനായി
കുതിച്ചുപോയിട്ടുണ്ട്.



കുതിരശക്തിയോളമേത്താത്തവർ
കുടുക്കിയ
കടിഞ്ഞാണിൽ
ഒരായുസ്സ് കഴിഞ്ഞിട്ടുണ്ട്.

ഓർമയില്ലേ
അവർക്ക്
മെരുക്കാനാവാത്തൊരു
കാട്ടുകുതിരയെ,

കടൽ തിര നനച്ചിട്ട
മണൽ കണ്ണാടിയിൽ
അവൻ കണ്ട വെളുത്ത സ്വപ്നം !

ഇനിയിപ്പോൾ

തുറന്നു വിടുകയാണ്
എൻറെ അഗ്നിയെ,
പിടിച്ചു കെട്ടുന്നവർക്ക്
യുദ്ധം കുറിക്കാം.

ഉള്ളും പുറവും
പൊള്ളുന്ന
തീക്കളിയാണെന്നത്
മറക്കണ്ട !!

മുഹമ്മദലി കെ
മലയാളം അദ്ധ്യാപകൻ

# കുഞ്ഞുങ്ങളോട്

**കവിത**

വെണ്മയിൽ നന്മയാം വെൺപ്രാക്കളാവാം
വാനിൽ പറക്കുന്ന പൂമ്പാറ്റയാകാം
സ്വാതന്ത്ര്യസ്വർലോകമെങ്ങും പരത്താം
ചിത്തത്തിൽ സത്തായ ചിന്ത നിറയ്ക്കാം
അകതാരിലലിവിന്റെ നാളം
കൊളുത്താം



പാരിൽ പുലരൊളി വന്നിട്ടും പോലെ
മാനം നിറഞ്ഞ നിലാപൂവ്വ് പോലെ
പാരിജാതപ്പൂ വിടർന്നിട്ടും പോലെ
സൗരഭ്യമെങ്ങും പരത്തി മുന്നേറാം
അപരന്നുമധമനും തുണയായി ചേരാം

അറിയാതഹന്തയെ ചേർക്കാതിരിക്കാം
മനതാരിൽ നന്മതൻ വെട്ടം കൊരുക്കാം
ഒരുമയോടുയരാം ഒന്നായി നീങ്ങാം
അഭിമാനമാം നിലയ്ക്കുന്നതിയിലെത്താം
അഴകുമാരോഗ്യവുമേകി പുലർത്തും
ഈശനെ വാഴ്ത്താൻ മറക്കാതിരിക്കാം



പ്രജീഷ ജയരാജ് കൊയിലേരി
കവയിത്രി

# THE USE OF INTERNET BANE OR BOON ?

Essay

Internet is blessing to modern world. It. Modern world cannot live without internet. There are pros and cons to the internet. It makes communication facilities fast and effective, educational accessories and news accessible to everyone. During corona days education was made possible through internet. Our new habits are formed on internet. But so many people misuse this blessing. Now a days cyber problems were effect children most, they were addicted to games like free fire, PUBG, f if a, etc. This is a type of mental problem caused through internet. Now days all things made by using internet. It effects human brain, eyes and mind. Over use of internet causes environmental problems. Radiation made by over use of internet cause extinction of many birds. Internet have uses and curses. it depend on one who used it.




Now we have several jobs by internet, we can gain income within short time. By using internet people forget their ability to speak and face everyone, they only know the world in the internet, it makes them in trouble now days everyone were liked friendship through internet, and love through internet, they don't know the character, family, behaviour etc. drug mafia utilise this for marketing their product among students and young ones. Such people misuse internet through

making fake id and watch porn videos. All world police association have a site for hacking the id's that logged in porn sites Kerala police has a special community named cyber department, cyber department reports more than hundred cases in one week. Apps like Instagram, Facebook, twitter make our daily life more informative in are side and other side it will destroy us WWW.(word wide web) is an effective site on internet which makes our needs and doubts very clear in a shot time internet helps to buy and sale very fast. So internet is a blessing and sometime internet is curse.

# THE DAY I NEVER FORGET

story

There was a rich family living in a village. In that village majority people were poor. But a cute little girl Lilly was belonged to a rich family. She is good and kind. She liked to play with the village children and children also liked her. Because she gave everything to the children- her toys, chocolates etc.

Lilly was living with her parents. But her parents were always busy. They didn't care about Lilly. One day Lilly was going to school. She has school bus but she didn't go by the school bus because she liked walking. On the way she saw a poor boy who was dressed in dirty clothes. His mother was working in a factory. She got very less wage. So they couldn't get proper foods. But she saw a beautiful scene. That was the mother was kissing his son and the son was hugging his mother. That time she thought love is powerful than money.



The next day was a holiday. She always thought about the love between the mother and son. Then she went and stood near the mother. Her mother was busy and didn't notice her. She called Ma.....But the mother doesn't give a reply. Then she bowed down her head and went to the boy's place. She took a cover in which there were so many food items and dresses. The boy saw her and was surprised. For the first time a visitor come to his house. He asked the girl 'who are you?' And she replied 'I am Lilly I live in the nearby village'.

He wondered. 'Ya... I saw you once, and I noticed your cloth and your food. And I think you are very poor.

Take it'. 'What is this?'

'This is some foods and clothes'.

'why did you bring this we are not a poor family' he said, she said kindly I can understand your situation please take it'. That time the boy understand she is a good person, and he take that cover happily, and Lilly was also happy. They got aquinted.

Sometimes ago Lilly asked the boy 'where is your mother?' The boy replied 'she went to the factory.' The factory is near the boy's house. 'Okay..... you are a lucky boy. because you have a loving mother'. yeah my mother, she was my world and she was suffering a lot for me, and also giving a lot of love and care,' he said.

'That is why I said you are a lucky boy. I have a mother but didn't have that luck. She is always busy. She didn't think about me. She always wants money. She doesn't know the value of love' Lilly said that with tears.

That time a loud sound heard near the factory. all were screaming. Lilly and the boy were scared and they ran away from the factory. They were shocked seeing that scene because they saw  a body full of blood. The body was the boy’s mother. A machine fell on her body and she was dead. This is news earthshaking for Lilly and the boy. She can’t see the boy’s face. He cried and cried Lilly also.



This was an unforgettable day for Lilly.

# माँ का प्यार

षहनबाज् हुसैन

कहानी

माँ का प्यार दुनिया मे साबसे अतम हौता है। माँ के प्यार करनै का तरिका बित कुल अलम है। माँ के आगे और किसी का प्यार बिलकुल फिका है। माँ का प्यार अपने बच्छे के तिए बहुत ज़दा हौता है। दुनिया मे आने से जाने तक माँ का प्यार कभि कम नहि होता बच्छे जब रोता है। तो माँ बेचन हौजाति है।



बच्छे जब खुश होता है। तो माँ कितनि खुश होति है। हम को बिलकुल बता नहि स्कते कि माँ कितना प्यार करति है।

और आप सोच शहे होगे कि मेने प्यार कियो लिगा होगा जब कि प्यार भी मन का हि एक रूप है। और माँ के मन के बारे मे हम क्या जानो ? जो माँ कर सकती है। वो दुनिया का कोयी इंसान नही कर सकता । माँ के लिये उनके बच्छे हि सब कुछ होते है माँ है। तो बच्छे है। माँ के मर जाने पर बच्छे अकेले पड जाते है। किसी के लिए तो माँ हि सब कुच होती है। और किसी के लिए कुच नही और उन से पूछो जिम कि माँ नही होती वो माँ के प्यार के लिय तरस्तेहे वो हि जानते है। कि माँ का प्यार क्या होता है। क्योंकि उनकि माँ नहि होती और जिन कि होती है। उन को कदर नहि होती बस मेरा येहि केहना है। कि माँ से प्यार करो।

# खुशी और दुख को दिल

अभिनन्द् के.ऐ

कविता

"एक मनुषय,एक
गिल है।"
"मुझे दिल खुशि है।
एक मानव एक दिल है।!
"खुशि और दुख का दिल।"

"एक दिन मेरा
दिल।
खुशि है।"
"मुझे दिल
मेंनहि देकता है।
एक अचचि दिल है। "



"लेकिन में दिल सारस है।
एक दिन खुशी और दुख है।"
"खुशी और दुख दिल का
अथ टुटा दि

# मानव दिल

अभिनन्द् कृष्ण इ
10D

## कविता

मानव का गिल टूटा हुआ है।
मानव का दिल मैं दुख और निराश है।
मनुषय का दुख का कापण
मनुष्य का प्रवृति है।

कुछ मानव का चीवन दुख मै
बूरा हुआ है।
कुछ मानव का दिल खुश होता है।
आपका दुख का कारण हमारा
जीवित साहचख है।

मानव का दिल को दुख और अध्थछ्यता
को सामना करना सकता है।
लहरी मनजय कै मन को ़मिठा देति है।

मानव दिल को मत टुठो
पयार समजकर दुख के छोठो
दुख का परिहार प्यार मों है।

# നന്ദി

സ്റ്റുഡന്റ് എഡിറ്റർ

അക്ഷരക്കൂട്ടിൽ ഒളിപ്പിച്ച ലോകം ഇവിടെ
അവസാനിക്കുന്നില്ല...ക്ലാസ്സ് മുറികളുടെ നാല്
ചുമരുകൾക്കുള്ളിൽ നിന്നും
ആകാശനീലിമയിലേക്ക് തുറന്ന മിഴിച്ചെപ്പുകൾ
ഒപ്പിയെടുത്ത കാഴ്ചകൾ....സ്വപ്നങ്ങളുടെ തേരിലേറി
ഇനിയും കാണാൻ ഒത്തിരി ....ക്യാമറക്കണ്ണുകൾ
ഒപ്പിയെടുക്കാൻ ഇനിയുമെത്ര കാഴ്ചകൾ ...സൂം
ചെയ്തെടുക്കാൻ കാഴ്ചകൾ ബാക്കി ...

ഈ ഡിജിറ്റൽ മാഗസിൻ
പൂർത്തീകരിക്കാൻ ഞങ്ങളെ സഹായിച്ച
എല്ലാവർക്കും ഒറ്റ വാക്കിൽ നന്ദി



നജ്ല ഫാത്തിമ
IX D